## 15

# ആധ്യാത്മികതയുടെ കണക്കുപുസ്തകം

ഫാ. ടെന്നി പാറക്കൽ സി.എം.ഐ.

ഫാദർ ടെന്നി പാറക്കൽ തന്റെ നവസന്യാസ ഗുരുവായ ഡൺസ്റ്റനച്ച നെക്കുറിച്ച് ഏഴ് പ്രധാനപ്പെട്ട ആധ്യാത്മിക തലങ്ങളിൽ സംഗ്രഹിക്കു കയാണ്. ഡൺസ്റ്റനച്ചൻ ടെന്നി അച്ചന്റെ ജീവിതത്തിൽ ഇന്നും പ്രചോ ദനവും മാതൃകയായും നിലകൊള്ളുന്നുവെന്ന് ഈ ചെറിയ ലേഖന ത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

### പ്രകൃതിയും ആധ്യാത്മികതയും

നാലുമണി സമയം. കാപ്പികുടി കഴിഞ്ഞ ഉടനെ ഡൺസ്റ്റണച്ചന്റെ അടുത്ത് ആധ്യാത്മിക ഉപദേശത്തിനായി ടെന്നി അച്ചൻ ഒരു സമയം ചോദിക്കുന്നു. ഡൺസ്റ്റനച്ചൻ പറയുന്നു: "തോട്ടപ്പണി ചെയ്യുമ്പോൾ ആധ്യാത്മിക സംഭാഷണം നടത്താമല്ലോ." ഇങ്ങനെ തോട്ടപ്പണിയുടെ സമയത്ത് ആധ്യാത്മിക സംഭാഷണം ആരംഭിച്ചു. കൂടെ തോട്ടപ്പണി ചെയ്യുമ്പോൾ, ഡൺസ്റ്റണച്ചൻ പറഞ്ഞത് ഇപ്രകാരമാണ്: "പ്രകൃതി യാണ് ആധ്യാത്മികതയുടെ വലിയ ഒരു ഉദാഹരണം; മണ്ണ് ശരിയാക്കി, വളമിട്ട്, ചെടിവെച്ച്, വെള്ളമൊഴിച്ച്, വളർത്തിയാൽ മാത്രമേ ചെടി വളരുകയുള്ളൂ. വളരെ ശ്രദ്ധിച്ചെങ്കിൽ മാത്രമേ ആ ചെടിയിൽ നല്ല ഫലങ്ങളും പൂക്കളും ഉണ്ടാവുകയുള്ളൂ. ആധ്യാത്മിക ജീവിതവും ഇതു പോലെ തന്നെയാണ്. നമ്മുടെ ജീവിതം നല്ലതായി തീരണമെങ്കിൽ അതിന് നല്ല വളവും മണ്ണും ജലവുമൊക്കെ കൊടുക്കണം. ആ ജീവിതം മറ്റുള്ളവർക്ക് ആസ്വാദ്യകരമാകണമെങ്കിൽ വളരെ ശ്രദ്ധയോടെ നാം അതിനെ കാത്തു സൂക്ഷിക്കണം." ഡൺസ്റ്റനച്ചൻ പ്രകൃതിയിലൂടെ ആധ്യാത്മികതയുടെ ഒരു വാതിൽ അദ്ദേഹത്തിന് തുറന്നിട്ടു.

### ജീവിത ലാളിത്യം

ഒരു കപ്പ് ജലം കൊണ്ട് തന്നെ മുഖവും തലയും കഴുകി, ഇനി ദേഹം നമുക്ക് കുളിമുറിയിൽ കഴുകിയാൽ മതിയല്ലോ എന്ന് അദ്ദേഹം പറയു


Parakkal, Tenny. "Adhyathmikathayude Kanakkupusthakam" in Dheerghadarshi: Dunstonachan by W. J. Tharayil, pages 65-68, Coimbatore: Preshitha Communications, 2020.

മായിരുന്നു. ഈ ലാളിത്യം കുളിയിൽ മാത്രമല്ല, തന്റെ ജോലികളിൽ, ഭക്ഷണത്തിൽ, കൂടാതെ തന്റെ മുറി, വസ്ത്രങ്ങൾ, ചെരുപ്പ്, യാത്ര എന്നിവയിലൊക്കെ പ്രകടമായിരുന്നു. ഇതൊരിക്കലും മറ്റുള്ളവരുടെ പ്രശംസ പിടിച്ചു പറ്റുവാൻ ആയിരുന്നില്ല. തന്നിൽ അന്തർലീനമായി കിടക്കുന്ന യേശുവിന്റെ ദാരിദ്ര ജീവിതത്തിന്റെ അനുകരണങ്ങളായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

കോട്ടപ്പടിയിൽ ഉള്ള ഒരു ആശ്രമത്തിൽ വൈദിക വിദ്യാർത്ഥികളെ കുമ്പസാരിപ്പിക്കാൻ ഡൺസ്റ്റനച്ചൻ മാസത്തിലൊരിക്കൽ ചെല്ലുമായിരുന്നു. അച്ചന് ഒരു മുറി തമാസിക്കുവാനായി ഒരുക്കിയിടുമായിരുന്നു. പതിവുപോലെ ഡൺസ്റ്റനച്ചനും അതിഥികൾക്കായി നൽകാറുള്ള സോപ്പ്, കുളിമുണ്ട്, ബ്രഷ്, പെയ്സ്റ്റ്, ചീർപ്പുമൊക്കെ ഒരുക്കി വെച്ചിട്ടുണ്ടായിരുന്നു. അതിഥികളെ ശുശ്രൂഷിക്കുന്ന ഒരു വൈദിക വിദ്യാർത്ഥിക്ക് അദ്ദേഹം പതിവായി ഇവയൊന്നും ഉപയോഗിക്കാത്തതിൽ സംശയം ഉണർന്നു. ഒരു ദിവസം അച്ചൻ പുറത്തേക്ക് പോയപ്പോൾ മുറി ഒന്ന് പരിശോധിച്ചു. അപ്പോഴാണ് വിദ്യാർത്ഥികൾക്ക് അച്ചൻ ഉപയോഗിച്ചിരുന്ന തോർത്തുമുണ്ടിന്റെ രഹസ്യം മനസ്സിലായത്. അദ്ദേഹത്തിന്റെ പഴയ ളോഹയുടെ ഒരു കഷ്ണമാണ് തോർത്താക്കി ഉപയോഗിച്ചുകൊണ്ടിരുന്നത്.

## മറവിയെന്ന ആദ്ധ്യാത്മികത

ഫാ. ടെന്നി ഈ വിഷയത്തെക്കിറിച്ച് വ്യക്തമായ ഒരു കാഴ്ച്ചപ്പാട് നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ ഈ മറവി സത്യത്തിൽ ആധ്യാത്മികതയുടെ മറ്റൊരു സവിശേഷ മുഖമായിരുന്നു. ആധ്യാത്മിക കാര്യങ്ങളൊന്നും മറക്കാതിരിക്കുക, മറ്റെല്ലാം തന്റെ സ്മൃതിപദത്തിൽ നിന്നും മാഞ്ഞു പോവുക: ഈ പ്രതിഭാസം ആധ്യാത്മികതയുടെ വലിയ ഒരു ഭാവമാണ്. ആത്മീയ കാര്യങ്ങൾ ആരു പറഞ്ഞാലും അദ്ദേഹം ഒരിക്കലും അത് മറന്നിരുന്നില്ല. പക്ഷേ ഒരു വ്യക്തിയുടെ തെറ്റുകളും കുറവുകളും പോരായ്മകളും അദ്ദേഹം ഒരിക്കലും ഓർത്തിരിക്കില്ല. ആധ്യാത്മിക പകരുന്ന, വെളിച്ചം പകരുന്ന എല്ലാ കാര്യങ്ങളും ഓരോരുത്തരേയും ഓർമ്മിപ്പിക്കാറുണ്ട്. എന്നുതന്നെയുമല്ല അവ ഒരിക്കലും മറക്കാറുമില്ല. ഒരു പക്ഷെ നമുക്ക് ഇങ്ങനെ പറയാം: ആധ്യാത്മിക കാര്യങ്ങൾ മാത്രമേ അദ്ദേഹത്തിന്റെ ജീവിതത്തെ സ്പർശിച്ചിരുന്നുള്ളൂ. ദൈവിക ചിന്തയിൽ മുഴുകി ജീവിച്ചിരുന്നതുകൊണ്ട്, ലോകകാ

ര്യങ്ങൾ അദ്ദേഹം എല്ലാം മറന്നിരുന്നു. ആധ്യാത്മികതയുടെ പുതിയ മുഖത്തിന് ഉദാഹരണമാണ് ഡൺസറ്റനച്ചൻ.

## അനുഗ്രഹത്തിന്റെ ഉറവിടം

ദൈവത്തിന്റെ അനുഗ്രഹങ്ങളും കൃപയും ഓരോ സന്യാസിയുടെ ജീവിതത്തിലേക്ക് എത്തണമെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്ത ഒരു സന്യാസ ഗുരുഭൂതൻ. എപ്പോൾ വേണമെങ്കിലും ആധ്യാത്മിക സംഭാഷണത്തിന് തയ്യാർ; വേലിക്കെട്ടുകൾ ഒന്നും തീർക്കാതെ ഒരു ജീവിതശൈലി. താൻ മൂലം ഒരു ആത്മാവിനും ലഭിക്കേണ്ട അനുഗ്രഹം നഷ്ടപ്പെടുത്തരുത് എന്ന് ചിന്തിച്ചിരുന്ന ഒരു സന്യാസവൈദികൻ. ഓരോ സന്യാസിയിലേക്കും ദൈവത്തിന്റെ അനുഗ്രഹം ഒഴുകണമെന്ന് ആഗ്രഹിച്ച ഒരു ദിവ്യപുരുഷൻ. ദൈവത്തിന്റെ അനുഗ്രഹം പുഴപോലെ തന്റെ ശിഷ്യരിലേക്ക് ചൊരിയുവാൻ ദൈവസന്നിധിയിൽ കൈകളുയർത്തി എന്നും പ്രാർത്ഥിച്ചിരുന്ന ഒരു സന്യാസി.

## ദൈവാശ്രയ ബോധം

"ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല." ഈ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും എപ്പോഴും ഉതിർകൊള്ളുന്ന ദൈവവചനമായിരുന്നു. ദൈവത്തിന്റെ മുന്നിലുള്ള പൂർണമായ സമർപ്പണത്തിന്റെ മുഖമാണ് ഇവിടെ തെളിഞ്ഞു വരുന്നത്. തന്റെ മനസ്സിനെ ദൈവത്തിന്റെ മനസ്സിനോട് ചേർത്ത് വച്ചിരിക്കുന്ന ഒരു സന്യാസ വൈദികനായിരുന്നു അദ്ദേഹം. കൂടാതെ മാതാവിന്റെ ഉത്തമ ഭക്തൻ. മാതാവിനെപ്പോലെ "ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം പോലെ ഭവിക്കട്ടെ" എന്ന് ചിന്തിച്ച്, ധ്യാനിച്ച് ജീവിച്ചിരുന്ന ഒരു മഹാത്മാവ്. ഈ ദൈവാശ്രയമുള്ളതിനാൽ നാളെയെക്കുറിച്ച് അദ്ദേഹം ചിന്തിച്ചിരുന്നില്ല; ഒരിക്കലും ഒരു മാനസിക പിരിമുറുക്കത്തിന്റെ അവസ്ഥ അദ്ദേഹത്തിൽ ദർശിച്ചിരുന്നില്ല.

## ആധ്യാത്മികതയുടെ കണക്ക് പുസ്തകം

വരന്തരപ്പിള്ളി ആശ്രമശ്രേഷ്ഠൻ ആയിരിക്കെ, കാനോനിക വിസീത്തയ്ക്ക് വന്ന പ്രൊവിൻഷ്യൽ അച്ചനോട് തന്റെ ആശ്രമ കണക്കു പുസ്തകത്തിലെ 1500 രൂപയുടെ കണക്ക് കാണാത്ത കാര്യം തുറന്നു പറഞ്ഞു. എന്നിട്ട് താൻ ഈ ശ്രേഷ്ഠ സ്ഥാനത്തിന് യോഗ്യനല്ലെന്നും, എന്നെ മാറ്റണമെന്നും അപേക്ഷിച്ചു. പ്രൊവിൻഷ്യൽ അച്ചന്റെ മറു

പടി ഇങ്ങനെയായിരുന്നു: "അച്ചാ, അച്ചൻ ആ കണക്ക് എഴുതാൻ മറന്നു പോയതല്ലേ; പക്ഷെ അച്ചനെ എനിക്കറിയാം; ഈ സഭയ്ക്ക് അറിയാം; അങ്ങയുടെ ആധ്യാത്മികതയുടെ കണക്കു പുസ്തകത്തിൽ ഒരു തെറ്റുമില്ലെന്ന് ഞങ്ങൾക്കറിയാം."

## അട്ടപ്പാടിയിലെ വാനമ്പാടി

ആദിവാസികളുടെ കൂട്ടുകാരൻ, കുടുംബസുഹൃത്ത്, അതിനേക്കാളേറെ അദ്ധ്യാത്മിക ഗുരു. അട്ടപ്പാടിയിലെ പാക്കുളം ഭവനത്തിൽ നവ സന്യാസികളെ പ്രായോഗിക പരിശീലനത്തിനായി കൊണ്ട് ചെന്നപ്പോൾ, അവിടുത്തെ ആദിവാസികളിൽ നിന്നും അറിഞ്ഞ ചില സത്യങ്ങളാണ് മേൽ പറഞ്ഞത്. അദ്ദേഹം ആ ഊരുകളിൽ ചെല്ലുമ്പോൾ ആ ജനമെല്ലാം അദ്ദേഹത്തിന് ചുറ്റും ഓടി കൂടും. സമൂഹത്തിലെ എല്ലാ വിധത്തിലും അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഒരു സമൂഹത്തിന്റെ വക്താവായിരുന്നു അച്ചൻ. അവർ അദ്ദേഹത്തെ കണ്ടിരുന്നത് ആധ്യാത്മിക ഗുരുവായിട്ടാണ്. അവിടുത്തെ ജനം അച്ചന്റെ ആധ്യാത്മികതയുടെ ആഴം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ സ്നേഹവും കരുണയും വാത്സല്യവും ആദിവാസികളും വളരെ നന്നായി മനസ്സിലാക്കിയിരുന്നു. അവരുടെ ഹൃദയങ്ങളിൽ ഒരു വലിയ സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. ആരുടെ ഇടയിലും, എവിടെയും ഇറങ്ങിച്ചെന്ന് ദൈവത്തിന്റെ മുഖം കാണിച്ചു കൊടുക്കുവാൻ അച്ചന് സാധിച്ചിരുന്നു.

ടെന്നി പാറക്കലച്ചൻ പറഞ്ഞ ഏഴ് ആധ്യാത്മിക കാര്യങ്ങളും ഡൺസ്റ്റനച്ചന്റെ ഏഴ് കൂദാശകളായി നമുക്ക് കാണാവുന്നതാണ്. അദ്ദേഹം തന്റെ നവസന്യാസികളെ ഉപദേശങ്ങളോ വാക്കുകളോ കൊണ്ട് പറഞ്ഞു പഠിപ്പിച്ച കാര്യങ്ങളല്ല ആ സന്യാസവര്യന്റെ ജീവിത മാതൃകയിൽ നിന്നും അടർത്തിയെടുത്ത മുത്തുകളാണ് ഇവിടെ ടെന്നിയച്ചൻ, വർഷങ്ങൾ കഴിഞ്ഞിട്ടും, ഇന്നും ഓർത്ത് പറയുന്നത്.